## സമ്പർക്ക ക്ലാസ് എടുക്കുന്ന അധ്യാപകർക്കുള്ള മാർഗ്ഗരേഖ

- ❑ **സമ്പർക്ക ക്ലാസിനു മുമ്പ്** - യൂണിറ്റ് ഫ്രെയിം വിശകലനം ചെയ്യുക, അതിലെ പഠന നേട്ടങ്ങൾ, പഠനപ്രവർത്തനം, വിലയിരുത്തൽ എന്നിവയുമായി ബന്ധപ്പെടുത്തി ആഴത്തിൽ സ്വാംശീകരിക്കണം.
- ❑ **സ്വയം പഠന സാമഗ്രി പരിചയപ്പെടൽ -** ആമുഖം, പാഠഭാഗം, അവധാരണചോദ്യങ്ങൾ എന്നിവ പരിശോധിക്കണം. തുടർന്ന് പാഠാപഗ്രഥനഭാഗവും അപഗ്രഥനചോദ്യങ്ങളും ആഴത്തിൽ സ്വാംശീകരിക്കണം. തുടർപ്രവർത്തനങ്ങൾ, റഫറനസ്, വിലയിരുത്തൽ ചോദ്യങ്ങൾ എന്നിവയും വിശകലനത്തിനും വിധേയമാക്കണം.
- ❑ **അധ്യാപർക്കുള്ള മാർഗരേഖ പ്രയോജനപ്പെടുത്തൽ**-അധ്യാപർക്കുള്ള മാർഗരേഖയിൽ സമ്പർക്ക ക്ലാസിൽ ഘട്ടംഘട്ടമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ എങ്ങനെ നടത്താൻ കഴിയുമെന്ന് പരിശോധിക്കുക. ആവശ്യമായ TLM, ടീച്ചർ പ്ലാനർ എന്നിവ തയാറാക്കുക.
- ❑ **ടീച്ചർ പ്ലാനർ തയാറാക്കുമ്പോൾ**
  ടീച്ചർ പ്ലാനർ ഓരോ യൂണിറ്റുകളായി തയാറാക്കുന്നതാണ്. അതിന്റെ രൂപരേഖ താഴെ കൊടുക്കുന്നു.
  (SCERT ടീച്ചർ ടെക്സ്റ്റിൽ ഉള്ള പെർഫോമ നൽകുക)
- ❑ **സമ്പർക്ക ക്ലാസിൽ നടക്കേണ്ടത്**
  - മുൻ ക്ലാസിൽ നൽകിയ നിർദിഷ്ട പ്രവർത്തനങ്ങൾ വിലയിരുത്തൽ
    - മുൻ യൂണിറ്റിലെ വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരം വിലയിരുത്തൽ
    - തുടർ പ്രവർത്തനങ്ങൾ, പ്രായോഗിക പഠന പ്രവർത്തനങ്ങൾ തുടങ്ങിയവ വിലയിരുത്തൽ
    - മുൻ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സംശയനിവാരണം
  - പുതിയ പാഠഭാഗം പഠിതാക്കൾ വായിച്ച് കൊണ്ടുവന്ന ഭാഗത്തെ കുറിച്ചുള്ള ചർച്ച.
    - ആമുഖത്തിന്റെ അവതരണം
    - ഉള്ളടക്ക വിവരണം ചുരുക്കി അവതരിപ്പിക്കൽ
    - അവധാരണ ചോദ്യങ്ങളിൽ ഏതാനും എണ്ണം ചോദിക്കൽ
    - അപഗ്രഥനം നടത്തിയപ്പോൾ ഉള്ള പ്രയാസങ്ങൾ ചർച്ച ചെയ്തു പരിഹരിക്കൽ
    - അപഗ്രഥനചോദ്യങ്ങൾ ആവശ്യമുള്ളത് ചർച്ചചെയ്യൽ
    - പഠനത്തിനായി റഫർ ചെയ്യേണ്ടവ വിശദീകരിക്കൽ
- ❑ സമ്പർക്ക ക്ലാസിനു ശേഷം ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കൽ
  - തുടർപ്രവർത്തനങ്ങൾ നടത്താൻ പഠിതാവിന് ആവശ്യമായ നിർദേശങ്ങൾ നൽകൽ
  - വിലയിരുത്തൽ ചോദ്യങ്ങൾക്ക് ഉത്തരം എഴുതിക്കൊണ്ടുവരാനുള്ള നിർദേശം നൽകൽ
  - നിരന്തരവിലയിരുത്തലിന് പ്രാധാന്യം കൊടുക്കുന്ന പ്രവർത്തനങ്ങൾ, രേഖകൾ എന്നിവയെക്കുറിച്ചുള്ള സൂചന നൽകൽ
  - അടുത്ത ക്ലാസിൽ വായിച്ചു കൊണ്ടുവരേണ്ട പാഠഭാഗങ്ങളെക്കുറിച്ചുള്ള നിർദേശങ്ങൾ
- ❑ സമ്പർക്ക ക്ലാസിനുശേഷം
  - വിലയിരുത്തൽ പേജ്/കോളം തയ്യാറാക്കൽ
  - പ്രതിഫലനങ്ങൾ (റിഫ്ളക്ഷൻസ്) രേഖപ്പെടുത്തൽ

- വിലയിരുത്തൽ ചോദ്യങ്ങളടങ്ങിയ രേഖ പരിഹരിച്ച് വിലയിരുത്തൽ
- മറ്റു ഫോർട്ട് ഫോളിയോകൾ പരിശോധിച്ച് സൂചകങ്ങളെ അടിസ്ഥാനപ്പെടുത്തി വിലയിരുത്തൽ

**സമ്പർക്ക ക്ലാസിൽ വച്ച് പഠിതാവിന് നൽകേണ്ട നിർദേശങ്ങൾ**

- മുൻ ക്ലാസിൽ വച്ച് നൽകിയ അസൈൻമെന്റുകൾ പൂർത്തിയാക്കി വരണം
  - വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരങ്ങൾ
  - നിർദിഷ്ട രചനകൾ
  - തുടർ പ്രവർത്തനങ്ങൾ
  - സ്ഥാപനം സന്ദർശിച്ചുള്ള പ്രായോഗിക പഠനപ്രവർത്തനങ്ങൾ

  *(നിരന്തരവിലയിരുത്തലിനുള്ള പോർട്ട് ഫോളിയോകൾ ഏതെന്നും പ്രത്യേകം സൂചിപ്പിക്കണം)*
- അടുത്തക്ലാസിൽ ചർച്ചചെയ്യേണ്ട പാഠഭാഗങ്ങൾ വായിച്ച് അവധാരണചോദ്യങ്ങൾ, അപഗ്രഥനചോദ്യങ്ങൾ എന്നിവയുടെ ഉത്തരങ്ങൾ കണ്ടെത്തൽ
  (സ്വയം പഠനസാമഗ്രി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിൽ വിശദാംശങ്ങൾ ഉണ്ട്)
- സ്വയം പഠന വേളയിൽ ഉണ്ടായ സംശയങ്ങൾ, പ്രയാസമുള്ള ഭാഗങ്ങൾ എന്നിവ പ്രത്യേകം കുറിച്ചു കൊണ്ടുവരേണ്ടതും സമ്പർക്ക ക്ലാസിൽ ഉന്നയിക്കേണ്ടതുമാണ്.